

സത്യ പ്രബോധകരെ കാരാഗൃഹങ്ങളും വെടിയുണ്ടകളുമൊരുക്കി ദ്രോഹിക്കുകയും ധനമോഹിയും അധികാരദാഹിയുമായ വ്യാജനെന്ന് മുദ്രകുത്തി സ്വഭാവ ഹത്യ നടത്തുകയും ചെയ്യുന്ന അതേ വരേണ്യ വർഗം തന്നെ കേവലം തട്ടിപ്പുകാരായ ആൾദൈവങ്ങളെയും വ്യാജ സിദ്ധന്മാരെയും പൂവിട്ടു പൂജിക്കുന്നതും അവർക്ക് ജനത്തിന്റെ ബഹുമാനാദരങ്ങൾ നേടിക്കൊടുക്കുന്നതും കാണാം.

## ഖുർആൻ ബോധനം

**എ.വൈ.ആർ**

### സൂറ-23

# അൽ മുഅ്മിനൂൻ

فَقَالَ ٱلْمَلَؤُا۟ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا هَٰذَآ إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ وَلَوْ شَآءَ ٱللَّهُ لَأَنزَلَ مَلَٰٓئِكَةً مَّا سَمِعْنَا بِهَٰذَا فِىٓ ءَابَآئِنَا ٱلْأَوَّلِينَ ﴿٢٤﴾

**24.** അദ്ദേഹത്തിന്റെ ജനത്തിലെ സത്യനിഷേധികളായ പ്രമാണിമാർ ഘോഷിച്ചു. ഇവൻ നിങ്ങളെപ്പോലൊരു മനുഷ്യനല്ലാതാരുമല്ല. നിങ്ങൾക്ക് മീതെ ശ്രേഷ്ഠനാവാൻ ശ്രമിക്കുകയാണവൻ. അല്ലാഹുവിന്ന് ദൂതന്മാരെ അയക്കേണമെന്നുണ്ടായിരുന്നുവെങ്കിൽ അവൻ അയക്കുക മലക്കുകളെയായിരുന്നു. വെറും മനുഷ്യൻ ദൈവദൂതനായി എത്തുന്ന കാര്യം പൂർവപിതാക്കളിൽ നിന്നൊന്നും നാം കേട്ടിട്ടേയില്ലാത്തതായിരുന്നു.

**24**

فَقَالَ ٱلْمَلَؤُا۟ ٱلَّذِينَ كَفَرُوا۟ = അപ്പോൾ സത്യനിഷേധികളായ പ്രമാണിമാർ ഘോഷിച്ചു

مِن قَوْمِهِۦ = അദ്ദേഹത്തിന്റെ ജനത്തിൽ നിന്നുള്ള മَا هَٰذَآ = ഇത് (ഇവൻ ആരും) അല്ല

إِلَّا بَشَرٌ = ഒരു മനുഷ്യൻ അല്ലാതെ مِّثْلُكُمْ = നിങ്ങളെപ്പോലുള്ള يُرِيدُ = അവൻ ഉദ്ദേശിക്കുന്നു (ശ്രമിക്കുകയാണവൻ)

أَن يَتَفَضَّلَ عَلَيْكُمْ = നിങ്ങൾക്കുമേൽ ശ്രേഷ്ഠതയുള്ളവനാവാൻ

وَلَوْ شَآءَ ٱللَّهُ = അല്ലാഹു ഉദ്ദേശിച്ചെങ്കിൽ (ദൂതന്മാരെ അയക്കണമെന്നുണ്ടായിരുന്നുവെങ്കിൽ)

لَأَنزَلَ = തീർച്ചയായും അവൻ അയക്കുമായിരുന്നു (അവൻ അയക്കുക) مَلَٰٓئِكَةً = മലക്കുകളെ(യായിരുന്നു)

مَّا سَمِعْنَا = നാം കേട്ടിട്ടേയില്ല بِهَٰذَا = ഇത് (വെറും മനുഷ്യൻ ദൈവദൂതനായി എത്തുന്ന കാര്യം)

فِىٓ ءَابَآئِنَا ٱلْأَوَّلِينَ = നമ്മുടെ പൂർവ പിതാക്കളിൽ (നിന്നൊന്നും)

മൂലത്തിലെ ملأ കൊണ്ട് അർഥമാക്കുന്നത് സമുദായത്തിലെ വരേണ്യ വർഗം - സമ്പന്നരും അധികാരികളും നേതാക്കളും- മൊക്കെയായവർ-ആണെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ജാഹിലീ സംസ്കാരത്തിന്റെയും ദർശനങ്ങളുടെയും മറവിൽ കൈയടക്കിയ സമ്പത്തിനും അധികാരത്തിനും ഹാനികരമാണ് പ്രവാചക സന്ദേശം എന്നതാണ് കാരണം. പ്രവാചകന്മാരെ പരാജയപ്പെടുത്താൻ വരേണ്യവർഗം എല്ലാ അടവുകളും പയറ്റുന്നു. കഴുമരങ്ങളും കൽത്തുറുങ്കുകളുമെല്ലാം ഉപയോഗിക്കപ്പെടുന്നു. സത്യപ്രബോധകർ സാമാന്യ ജനങ്ങളെ സ്വാധീനിക്കുമെന്നു കണ്ടാൽ പ്രബോധകരെ അപമാനിക്കാനും

തേജോവധം ചെയ്യാനുമാകും ശ്രമം. അതിന്റെ ഭാഗമാണ് പ്രവാചകനെ സംബന്ധിച്ച്, 'ഇയാൾ നമ്മെപ്പോലൊരു മനുഷ്യൻ മാത്രമാണെ'ന്ന വായ്ത്താരി. സൂറഃ *ഹൂദ്* 26, *അൽ അൻആം* 8,9, *അൽ ഇസ്രാഅ്* 94 എന്നീ സൂക്തങ്ങളിൽ ഇതു സംബന്ധിച്ച് പറയുന്നുണ്ട്. ഈ വാദത്തിന്റെ അർഥശൂന്യതയും മലക്കുകൾ പ്രബോധകരായി നിയോഗിക്കപ്പെടാത്തതിന്റെ കാരണവും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ ചർച്ച ചെയ്തിട്ടുണ്ട്. ഇയാളൊരു മനുഷ്യൻ മാത്രം എന്ന പ്രസ്താവനയുടെ താൽപര്യം, മനുഷ്യൻ ഒരിക്കലും പ്രവാചകനാവുകയില്ല, ഒരു സാധാരണ മനുഷ്യനാണ് എന്നതു തന്നെ ഇയാളുടെ പ്രവാചകത്വ വാദം വ്യാജമാണെന്നതിന്റെ അനിഷേധ്യമായ തെളിവാകുന്നു എന്നാണ്. സാധാരണ ജനത്തെ എളുപ്പത്തിൽ സ്വാധീനിക്കുന്നതാണീ ന്യായം. അത്യുന്നതരും ദൈവാംശമുള്ളവരുമായിട്ടാണ് അവർ പ്രവാചകന്മാരെ സങ്കൽപിച്ചിരുന്നത്. ദൈവസന്നിധിയിൽ എണ്ണമറ്റ മലക്കുകൾ-ദേവീദേവന്മാർ ഉണ്ട്; പരിശുദ്ധരും ദിവ്യശക്തികൾക്കുടമകളുമായവർ. ദൈവം തന്റെ ഭാഗത്തുനിന്ന് ഒരു ദൂതനെ തെരഞ്ഞെടുക്കുന്നുവെങ്കിൽ അവരിൽ ആരെയെങ്കിലുമാണ് തെരഞ്ഞെടുത്തയക്കുക. അവരെയൊക്കെ ഒഴിവാക്കി തങ്ങളെപ്പോലെ അന്നം തിന്നുകയും അങ്ങാടിയിൽ നടക്കുകയും ചെയ്യുന്ന സാദാ മനുഷ്യനെ ദൈവമെന്തിന് ദൂതനായി നിയോഗിക്കണം?! വരേണ്യ വർഗം എല്ലാ പ്രവാചകന്മാർക്കെതിരെയും ആദ്യമേ ഇറക്കുന്ന ശീട്ടാണീ പ്രചാരണം.

ഇയാൾ ഈ വ്യാജ പ്രവാചകത്വവാദവുമായി ഇറങ്ങിയിരിക്കുന്നത് തന്നിൽ ദിവ്യത്വവും അത്ഭുത സിദ്ധികളുമുണ്ടെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ മേൽ നേതൃത്വവും അധികാരവും നേടുന്നതിനു വേണ്ടിയാണ് എന്നാകുന്നു يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ എന്ന വാക്യത്തിന്റെ താൽപര്യം. സാധാരണക്കാരെ അനായാസം വശീകരിക്കാൻ പറ്റിയ വാദമാണിതും. ഇവിടെ ഇയാൾ 'ഞങ്ങളുടെ നേതൃത്വവും അധികാരവും തട്ടിയെടുക്കാൻ നോക്കുന്നു' എന്നല്ല പ്രമാണിമാർ ജനത്തോട് പറയുന്നത്. മറിച്ച്, 'നിങ്ങളുടെ മേൽ നേതൃത്വവും അധികാരവും കരസ്ഥമാക്കാൻ നോക്കുന്നു' എന്നാണ്. യഥാർഥത്തിൽ സ്വന്തം സാമ്പത്തിക- അധികാര താൽപര്യങ്ങളെ ചൊല്ലിയാണ് അവരുടെ ഭയം. അത് മറച്ചുവെച്ച് ജനങ്ങളുടെ മേൽ വ്യാജന്മാർ അധികാരം വാണേക്കുമോ എന്ന ഭയമാണ് തങ്ങളെ അലട്ടുന്നതെന്ന് ജനത്തെ തെറ്റിദ്ധരിപ്പിക്കുകയാണവർ. നൂഹ് നബിയുടെ പ്രവാചകത്വ നിയോഗത്തെ നിഷേധിക്കാൻ അവരുന്നയിച്ചിരുന്ന തെളിവാണ് മനുഷ്യൻ പ്രവാചകന്മാരായി നിയോഗിക്കപ്പെടുന്ന ഏർപ്പാട് പൂർവ പിതാക്കളുടെ കാലത്തൊന്നും കേട്ടുകൾവിയില്ലാത്തതാണ്- مَّا سَمِعْنَا بِهَٰذَا فِيٓ ءَابَآئِنَا ٱلْأَوَّلِينَ - എന്ന്. ഇത് ഒരർഥത്തിൽ സത്യവുമാണ്. മറ്റൊരർഥത്തിൽ അസത്യവുമാണ്. തൊട്ടു മുമ്പുള്ള പൂർവികരിൽ നിന്ന് അവർ പ്രവാചകന്മാരെക്കുറിച്ച് കേട്ടിരിക്കണമെന്നില്ല. ജനങ്ങൾ വഴിപിഴക്കുമ്പോൾ പ്രവാചകാധ്യാപനങ്ങളെല്ലാം വിസ്മൃതമാകുന്നു. കാലാന്തരത്തിൽ പ്രവാചകൻ തന്നെ വിസ്മൃതനാകുന്നു. അഥവാ ഓർക്കപ്പെടുന്നുവെങ്കിൽ അത് 'ദൈവ'മോ 'ദൈവപുത്ര'നോ ഒക്കെ ആയിട്ടായിരിക്കും. ഇങ്ങനെ 'ദൈവമായി' മാറിയ പ്രവാചകനാണ് ഈസാ(അ). പ്രവാചക പാഠങ്ങൾ പൂർണമായി തിരസ്കൃതമാവുകയും പ്രവാചകൻ ദൈവമായി മാറുകയോ വിസ്മൃതിയിലാണ്ടുപോവുകയോ ചെയ്ത ശേഷം വരുന്ന തലമുറകൾക്ക് പൂർവ കാലത്ത് ചില മനുഷ്യർ പ്രവാചകന്മാരായി ആഗതരായ കഥകൾ കേൾക്കാൻ അവസരം ലഭിക്കുന്നില്ല. ഈ അർഥത്തിലാണ് 'മുൻഗാമികളിൽ നിന്ന് പ്രവാചകന്മാരെക്കുറിച്ച് കേട്ടിട്ടില്ല' എന്ന പ്രസ്താവന സത്യമാകുന്നത്. എന്നാൽ എല്ലാ സമുദായത്തിലും ഒരവസരത്തിലല്ലെങ്കിൽ മറ്റൊരവസരത്തിലായി പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരുടെ സമുദായം പിൻ തലമുറകളോട് അക്കാര്യം പറഞ്ഞിട്ടുമുണ്ട്. കാലാന്തരത്തിൽ പിൻഗാമികൾ പ്രവാചക സന്ദേശങ്ങൾ തള്ളിക്കളയുകയും പ്രവാചകന്മാരെ വിസ്മരിക്കുകയുമായിരുന്നു. ഈ അർഥത്തിലാണ് 'പ്രവാചകന്മാരെക്കുറിച്ച് കേട്ടിട്ടില്ല' എന്ന പ്രസ്താവന അസത്യമാകുന്നത്. ഈ വാദത്തെക്കുറിച്ച് ഈ സൂറയിലെ 68-ാം സൂക്തത്തിൽ ഇങ്ങനെ പറയുന്നുണ്ട്: أَفَلَمْ يَدَّبَّرُوا۟ ٱلْقَوْلَ أَمْ جَآءَهُم مَّا لَمْ يَأْتِ ءَابَآءَهُمُ ٱلْأَوَّلِينَ (അവർ വചനത്തെ മനനം ചെയ്യുന്നില്ലെയോ, അതോ തങ്ങളുടെ പൂർവികർക്ക് ലഭിച്ചിട്ടില്ലാത്തതാണോ അവർക്ക് ലഭിച്ചിരിക്കുന്നത്?). സൂറഃ *ഖസ്വസ്വിൽ* പറയുന്നു:

مَا هَٰذَآ إِلَّا سِحْرٌ مُّفْتَرًى وَمَا سَمِعْنَا بِهَٰذَا فِيٓ ءَابَآئِنَا ٱلْأَوَّلِينَ ﴿٣٦﴾

(ഇത് കൃത്രിമമായ ആഭിചാരമല്ലാതൊന്നുമല്ല. ഇത്തരം വർത്തമാനങ്ങളൊന്നും നമ്മൾ പൂർവ പിതാക്കളിൽ നിന്ന് കേട്ടിട്ടേയില്ല). *സ്വാദ്* 7-ാം സൂക്തത്തിൽ പറയുന്നു:

مَا سَمِعْنَا بِهَٰذَا فِي ٱلْمِلَّةِ ٱلْـَٔاخِرَةِ (ഇതൊന്നും പൂർവ മതങ്ങളിൽ നാം കേട്ടിട്ടില്ല). സത്യ പ്രബോധകരെ കാരാഗൃഹങ്ങളും വെടിയുണ്ടകളുമൊരുക്കി ദ്രോഹിക്കുകയും ധനമോഹിയും അധികാരദാഹിയുമായ വ്യാജനെന്ന് മുദ്രകുത്തി സ്വഭാവഹത്യ നടത്തുകയും ചെയ്യുന്ന അതേ വരേണ്യ വർഗം തന്നെ കേവലം തട്ടിപ്പുകാരായ ആൾദൈവങ്ങളെയും വ്യാജ സിദ്ധന്മാരെയും പൂവിട്ടു പൂജിക്കുന്നതും അവർക്ക് ജനത്തിന്റെ ബഹുമാനാദരങ്ങൾ നേടിക്കൊടുക്കുന്നതും കാണാം. കേരളത്തിലടക്കം ലോകത്തെങ്ങും ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. വ്യാജ സിദ്ധന്മാരും ആൾ ദൈവങ്ങളും വരേണ്യരുടെ അധികാര പ്രയോഗത്തെ ചോദ്യം ചെയ്യുകയില്ല. അന്യായമായ താൽപര്യങ്ങളെ ഹനിക്കുകയുമില്ല. വ്യാജ ദൈവങ്ങളുടെ തണലിൽ വരേണ്യ വിഭാഗം അവരുടെ അധികാര താൽപര്യങ്ങളും, അധികാരികളുടെ തണലിൽ ആൾ ദൈവങ്ങൾ അവരുടെ പൗരോഹിത്യ തട്ടിപ്പുകളും പോഷിപ്പിക്കുന്ന പരസ്പര സഹകരണ ഇടപാടാണ് അവർ തമ്മിലുള്ളത്. മനുഷ്യന്റെ പ്രവാചകത്വം നിഷേധിക്കുന്നവർ മനുഷ്യന്റെ ദൈവത്വം അംഗീകരിക്കുന്നു! ആൾ ദൈവങ്ങൾ വരേണ്യരുടെ അധികാരത്തെ ചോദ്യം ചെയ്യുകയില്ല. അവരുടെ ന്യായവും അന്യായവുമായ താൽപര്യങ്ങളെയൊന്നും ഹനിക്കുകയുമില്ല. അവരുടെ തണലിൽ മൂഢജനങ്ങളെ ചൂഷണം ചെയ്ത് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുകയേ ഉള്ളൂ. എന്നാൽ സത്യപ്രബോധനം ചൂഷക വർഗത്തിന്റെ അധികാരങ്ങൾക്കും, അധാർമികവും അന്യായവുമായ നടപടികൾക്കും ഭീഷണിയാകുന്നു. മർദകരെയും ചൂഷകരെയും ധർമ ധിക്കാരികളെയും ചോദ്യം ചെയ്യാതെ സത്യപ്രബോധനത്തിനു മുന്നോട്ടു പോകാനാവില്ല. ഇബ്റാഹീം നബി നംറൂദ് രാജാവിനെയും മൂസാ നബി ഫറവോൻ രാജാവിനെയും ചോദ്യം ചെയ്യുകയുണ്ടായി. ബഹുജനങ്ങൾ സത്യപ്രബോധനം സ്വീകരിക്കുകയും പ്രവാചക ദർശനത്തിലധിഷ്ഠിതമായ സാമൂഹിക ക്രമത്തിന് പാകപ്പെടുകയും ചെയ്യുമ്പോൾ ഭരണത്തിന് നേതൃത്വം നൽകേണ്ടത് പ്രവാചകന്മാ

# ഖുർആൻ ബോധനം

രുടെ അഥവാ അവരുടെ പ്രതിനിധികളുടെ ബാധ്യതയാകുന്നു. യൂസുഫ്, ദാവൂദ്, സുലൈമാൻ(അ) പ്രവാചകന്മാർ ഇങ്ങനെ രാജ്യാധികാരം കൈയാളിയവരാണ്. ഹിജ്‌റക്ക് ശേഷം മുഹമ്മദ് നബി(സ) മദീനയിൽ ഇസ്‌ലാമിക ദർശനത്തിലധിഷ്ഠിതമായ ഒരു സാമൂഹിക ക്രമം കെട്ടിപ്പടുക്കുകയും അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. മരണം വരെ നബി(സ) തന്നെയായിരുന്നു ആ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പരമോന്നത സാരഥി. എന്നാൽ സത്യപ്രബോധനത്തിന്റെ മൗലിക ലക്ഷ്യം അധികാരാരോഹണമല്ല. ഒരു പ്രവാചകനും, 'ജനങ്ങളേ എന്നെ രാജാവാക്കുവിൻ' എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ആഗതനായിട്ടുമില്ല. അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ, അവനോട് ഭയഭക്തിയുള്ളവരാകുവിൻ, എന്നെ അനുസരിക്കുവിൻ - اعْبُدُوا اللَّهَ وَاتَّقُوهُ وَأَطِيعُونِ -എന്നാണ് എല്ലാ ദൈവദൂതന്മാരും ജനങ്ങളോടാവശ്യപ്പെട്ടിരുന്നത്. അല്ലാഹുവിന് വഴിപ്പെട്ടു വാഴുന്നതും ഭയഭക്തി പുലർത്തുന്നതും എങ്ങനെയെന്ന് പഠിപ്പിക്കുകയായിരുന്നു പ്രവാചകന്മാരുടെ ദൗത്യം. അതാണ് പ്രവാചകന്മാരോടുള്ള അനുസരണത്തിന്റെ പ്രസക്തി. وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ (ദൈവഹിതത്താൽ അനുസരിക്കപ്പെടുന്നതിനു വേണ്ടിയല്ലാതെ അല്ലാഹു ഒരു ദൈവദൂതനെയും അയച്ചിട്ടില്ല- 4:64). ഈ അനുസരണത്തിന്റെ സംഘടിത രൂപം- പ്രവാചകന്മാർ പ്രബോധനം ചെയ്ത ഇബാദത്തിന്റെയും തഖ്‌വയുടെയും സാമൂഹികമായ സാക്ഷാത്കാരം-ആണ് ഇസ്‌ലാമിക സാമൂഹികക്രമം. ഇസ്‌ലാമിക പ്രബോധനത്തിന്റെ ഈയൊരു മാനം പ്രബോധകരെ അധികാരമോഹികളും രാജ്യദ്രോഹികളുമായി ചിത്രീകരിക്കാൻ പ്രതിയോഗികൾ പണ്ടു മുതലേ നന്നായി ഉപയോഗിച്ചു വന്നിട്ടുണ്ട്. പൗരാണിക ഫറവോന്മാരെപ്പോലെ അഭിനവ ഫറവോന്മാരും ലോകത്തെങ്ങും അതു തന്നെ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. ■

---

إِنْ هُوَ إِلَّا رَجُلٌ بِهِۦ جِنَّةٌ فَتَرَبَّصُوا۟ بِهِۦ حَتَّىٰ حِينٍ ﴿٢٥﴾

**25.** ഒരു മനുഷ്യൻ തന്നെയാണിത്. അൽപം വട്ടായെന്ന് മാത്രം. സംഗതി വ്യക്തമാകാൻ നമുക്ക് കുറച്ച് കാലം കാത്തിരിക്കാം.

**25**

إِنْ هُوَ = ഇവൻ (ഇത്) അല്ല (ആണ്)
إِلَّا رَجُلٌ = ഒരു മനുഷ്യൻ (തന്നെ) അല്ലാതെ
بِهِۦ جِنَّةٌ = അവന് ഒരുവക ഭ്രാന്ത് ബാധിച്ചിരിക്കുന്നു (അൽപം വട്ടാണെന്ന് മാത്രം)
فَتَرَبَّصُوا۟ بِهِۦ = നിങ്ങൾ കാത്തിരിക്കുവിൻ (കാത്തിരിക്കാം)
حَتَّىٰ حِينٍ = ഒരു കാലം വരെ (സംഗതി വ്യക്തമാകാൻ)

പ്രവാചക സന്ദേശങ്ങൾ അവഗണിച്ചു തള്ളാൻ സാമാന്യ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് പ്രതിയോഗികൾ അവലംബിക്കുന്ന മറ്റൊരു തന്ത്രമാണ് അവരിൽ മനോരോഗം ആരോപിക്കൽ- നൂഹ് ജനതയിലെ പ്രമാണിമാർ ഈ തന്ത്രവും പയറ്റിയിരുന്നു. അവർ പറഞ്ഞു: ദൈവത്തിന്റെ മാലാഖമാർ ഇറങ്ങിവന്ന് തന്നോട് സംസാരിക്കുന്നുവെന്ന് ഇയാൾ പറയുന്നത് ഒട്ടും കാര്യമാക്കേണ്ടതില്ല. ഇയാൾക്ക് വട്ടാണ്. തന്റെ കിറുക്കൻ വിചാരങ്ങളൊക്കെ ദൈവത്തിങ്കൽ നിന്നുള്ള വെളിപാടുകളാണെന്ന് ഭ്രമിച്ചിരിക്കുകയാണയാൾ. جِنَّةٌ എന്ന പദത്തെയാണ് 'വട്ട്' എന്ന് തർജമ ചെയ്തിട്ടുള്ളത്. ഭ്രാന്ത് എന്നർഥമുള്ള جنون-ൽ നിന്നുത്ഭവിച്ചതാണിത്. ഭ്രാന്തിന്റെ വകഭേദം, ലഘുവായ ഭ്രാന്ത് എന്നൊക്കെയാണ് جِنَّةٌ-ന്റെ ആശയം. പ്രവാചകനെ മുഴു ഭ്രാന്തനെന്നോ തനി ഭ്രാന്തനെന്നോ പറയാൻ മടിയുള്ളതുകൊണ്ടല്ല അവർ നേരിയ ഭ്രാന്തുള്ളവൻ എന്നു പറയുന്നത്. അങ്ങനെ പറഞ്ഞാൽ പ്രവാചകനെ കാണുകയും കേൾക്കുകയും ചെയ്യുന്ന ജനങ്ങൾ വിശ്വസിക്കുകയില്ല എന്നതുകൊണ്ടാണ്. ഇയാളീ കാണിക്കുന്നത് ഭ്രാന്തിന്റെ ലക്ഷണമാണ്. നമുക്ക് കാത്തിരിക്കാം. കുറച്ച് കഴിയുമ്പോൾ ഒന്നുകിൽ ഈ വട്ട് തനിയെ മാറിക്കൊള്ളും. അല്ലെങ്കിൽ മുഴു ഭ്രാന്തായി മൂർഛിക്കും. അപ്പോൾ വ്യക്തമാകുമല്ലോ അയാളുടെ പ്രവാചകത്വത്തിന്റെ യാഥാർഥ്യം. ഒരു കാര്യത്തിൽ പ്രതീക്ഷിക്കുന്ന പരിണതി, അല്ലെങ്കിൽ അതു സംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി കൂടുതൽ വിജയകരമായി നടത്താവുന്ന അവസരം കാത്തിരിക്കുകയാണ് تربص به .

മുഹമ്മദ് നബിയെ സംബന്ധിച്ച് ഖുറൈശി പ്രമാണിമാരും ഇത്തരം കുപ്രചാരണങ്ങൾ അഴിച്ചുവിട്ടിരുന്നു. അതേപ്പറ്റി സൂറഃ *അത്ത്വൂർ* 30-ാം സൂക്തം പറയുന്നു: أَمْ يَقُولُونَ شَاعِرٌ نَّتَرَبَّصُ بِهِۦ رَيْبَ الْمَنُونِ ﴿٣٠﴾ -ഇവർ പറയുന്നുവോ, ഇയാളൊരു കവിയാണ്, ഇയാളുടെ കാര്യത്തിൽ നമുക്ക് കാലത്തിന്റെ കറക്കം കാത്തിരിക്കാം- എന്ന്. ഖുറൈശികൾ ഉദ്ദേശിക്കുന്നതിതാണ്: മുഹമ്മദിന്റെ മധുര വചസ്സുകളിൽ ആരും മയങ്ങിപ്പോകേണ്ട. അതിനൊന്നും ഒരർഥവുമില്ല. ഇത് കുറച്ചുകാലത്തെ കിറുക്കും കാവ്യഭാവനയും മാത്രമാണെന്ന് കാലം കാട്ടിത്തരും. എത്രയോ കവികൾ ഇങ്ങനെ പലതും പാടിപ്പറഞ്ഞ് കാലയവനികക്കുള്ളിൽ മറഞ്ഞുപോയിരിക്കുന്നു. ഒരുനാൾ ഇയാളും അപ്രത്യക്ഷമായിക്കൊള്ളും. നല്ല കവികളൊക്കെ 'ജിന്ന്' ബാധിച്ചവരാണ്, ജിന്നുകളിൽ നിന്നാണ് അവർക്ക് കാവ്യ പ്രചോദനമുണ്ടാകുന്നത് എന്നൊരു സങ്കൽപം പുരാതന അറബികൾ പുലർത്തിയിരുന്നു. ■

**26.** നൂഹ് പ്രാർഥിച്ചു: നാഥാ, ഈ ജനം എന്നെ തള്ളിപ്പറഞ്ഞിട്ടുള്ളതുകൊണ്ട് ഇനി നീ എന്നെ സഹായിക്കേണമേ.

قَالَ رَبِّ ٱنصُرۡنِي بِمَا كَذَّبُونِ ﴿٢٦﴾

**26**

قَالَ = പറഞ്ഞു (നൂഹ് പ്രാർഥിച്ചു) رَبِّ = നാഥാ ٱنصُرۡنِي = (ഇനി) നീ എന്നെ സഹായിക്കേണമേ

بِمَا كَذَّبُونِ = (ഈ) ജനം എന്നെ തള്ളിപ്പറഞ്ഞിട്ടുള്ളത് കൊണ്ട്

**ക**ഴിവിൽ പെട്ട എല്ലാ മാർഗങ്ങളുമവലംബിച്ച് ദീർഘകാലം പ്രബോധന ദൗത്യം നിർവഹിച്ചുകഴിഞ്ഞിട്ടും ജനങ്ങളിൽ ഒരു പരിവർത്തനവും കാണാനാകാതെ പൂർണമായി നിരാശപ്പെട്ട ശേഷം നൂഹ്(അ) നടത്തുന്നതാണ് ഈ പ്രാർഥന: നാഥാ, എന്റെ ജനം എന്നെ പൂർണമായി തള്ളിക്കളഞ്ഞിരിക്കുന്നു. അവരുടെ മനഃപരിവർത്തനത്തിൽ ഇനിയും എനിക്ക് ഒരു പ്രതീക്ഷയും അവശേഷിക്കുന്നില്ല. അതുകൊണ്ട് എനിക്കും അവർക്കുമിടയിൽ അന്തിമ തീരുമാനമെടുത്തുകൊണ്ട് നീ എന്നെ സഹായിക്കേണമേ! ഞാൻ അവരെ താക്കീതു ചെയ്തതും അവർ പുഛിച്ചു തള്ളിയതുമായ ആ ശിക്ഷ അവരിൽ യാഥാർഥ്യമാക്കേണ്ട സന്ദർഭം ആസന്നമായിരിക്കുന്നു. بِمَا كَذَّبُونِ എന്ന വാക്കിന് രണ്ട് ആശയമാനമുണ്ട്. അവർ സത്യധർമങ്ങളെയും അത് പ്രബോധനം ചെയ്യുന്ന എന്നെയും അടച്ചു നിഷേധിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ ഇനി നീ തന്നെ എന്നെ സഹായിക്കണം എന്നതാണൊന്ന്. രണ്ട്, ഞാൻ താക്കീത് ചെയ്യുകയും അവർ പുഛിച്ചു തള്ളുകയും ചെയ്ത ആ ദൈവിക ശിക്ഷ അവരിൽ യാഥാർഥ്യമാക്കുന്നതിലൂടെ എന്റെ സത്യസന്ധത തെളിയിച്ചുകൊണ്ട് എന്നെ സഹായിക്കേണമേ എന്നതും- അടുത്ത സൂക്തത്തിൽ നൂഹിനും സഖാക്കൾക്കും രക്ഷപ്പെടാൻ കപ്പൽ നിർമാണം കൽപിക്കുന്നത് ഈ ആശയത്തെ ബലപ്പെടുത്തുന്നു. സൂറഃ *നൂഹി*ൽ അദ്ദേഹത്തിന്റെ ഈ പ്രാർഥന കൂടുതൽ വിസ്തരിച്ച് ഉദ്ധരിക്കുന്നുണ്ട്.

സത്യനിഷേധത്തിലും ധർമധിക്കാരത്തിലും ഉറച്ചു നിന്നതിനാൽ ദൈവശിക്ഷക്ക് വിധേയരായ സമൂഹങ്ങളിൽ ആഗതരായ ഇതര പ്രവാചകവര്യന്മാരും ഇതേ വിധം പ്രാർഥിച്ചിരുന്നതായി കാണാം. ആദ്-സമൂദ് ഗോത്രങ്ങളിൽ നിയുക്തരായ പ്രവാചകന്മാർ ഇതേ വാക്കുകൾ- قَالَ رَبِّ ٱنصُرۡنِي بِمَا كَذَّبُونِ ﴿٣٩﴾ -തന്നെ പ്രാർഥിച്ചതായി അടുത്ത 39-ാം സൂക്തം പ്രസ്താവിക്കുന്നുണ്ട്. അതിന് അല്ലാഹു നൽകുന്ന മറുപടി താമസിയാതെ അവർ ദുഃഖവിവശരായിത്തീരും- عَمَّا قَلِيلٍ لَّيُصۡبِحُنَّ نَٰدِمِينَ -എന്നാണ്. തുടർന്ന് 'അവരെ ഒരു ഘോര ഗർജനം ബാധിച്ചു'- فَأَخَذَتۡهُمُ ٱلصَّيۡحَةُ -എന്നും പറയുന്നുണ്ട്. 'പ്രവാചകന്മാരും ദൈവ ധിക്കാരികളും തമ്മിലുള്ള സംഘർഷത്തിന്റെ അന്ത്യഘട്ടത്തിൽ, നിങ്ങൾ ഭീഷണിപ്പെടുത്തുന്ന ദൈവശിക്ഷ ഒന്നിങ്ങു വരുത്തി കാണിച്ചാട്ടെ' എന്ന് ധിക്കാരികളുടെ വെല്ലുവിളി എന്നും ഉയരാറുള്ളതാണ്. അല്ലാഹുവിന്റെ നടപടിക്രമം-സുന്നത്ത്-പ്രകാരം വീണ്ടെടുപ്പിനു വേണ്ടി നൽകുന്ന സമയവും സാവകാശവും അവരുടെ ധിക്കാരം കൂടുതൽ വളർത്താനേ പലപ്പോഴും ഉപയോഗിക്കാറുള്ളൂ. ഞങ്ങളുടെ വെല്ലുവിളി സ്വീകരിച്ച് ഉടനെ ദൈവശിക്ഷ വരുത്തുന്നില്ലെങ്കിൽ, നിങ്ങളും നിങ്ങളുടെ ഭീഷണിയും കള്ളമാണെന്നതിന് വേറെ തെളിവാവശ്യമില്ല എന്നാണവരുടെ ഭാവം. ഈ സന്ദർഭത്തിലാണ് പ്രവാചകന്മാർ ഇങ്ങനെ പ്രാർഥിച്ചത്:

رَبَّنَا ٱفۡتَحۡ بَيۡنَنَا وَبَيۡنَ قَوۡمِنَا بِٱلۡحَقِّ وَأَنتَ خَيۡرُ ٱلۡفَٰتِحِينَ ﴿٨٩﴾

(നാഥാ ഞങ്ങൾക്കും ഞങ്ങളുടെ സമുദായത്തിനുമിടയിൽ നീ തീരുമാനമെടുക്കേണമേ, കാര്യങ്ങൾ ഏറ്റവും നന്നായി തീരുമാനിക്കുന്നവൻ നീയാണല്ലോ-7:89). എന്നെ സഹായിക്കേണമേ എന്ന വാക്കിന് ഇമാം സമഖ്ശരി അർഥം കൽപിക്കുന്നത്, 'നീ ഭീഷണിപ്പെടുത്തിയതും അവർ തള്ളിപ്പറഞ്ഞതുമായ ആ ശിക്ഷ നടപ്പിലാക്കിക്കൊണ്ട് നീ എന്നെ സഹായിക്കേണമേ' എന്നാണ്. ■

